**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 869** **10-08-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന അംബേദ്ക്കർ ഗ്രാമപദ്ധതി പ്രകാരം ഏതൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വരകാടി കോളനി, ആര്യാട് നോർത്ത് കോളനി പദ്ധതികളുടെ ഭരണാനുമതിയുടെ പകർപ്പ് ഉൾപ്പെടെയുള്ള പ്രസ്തുത പ്രവൃത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, അവയുടെ ഭരണാനുമതിയുടെ പകർപ്പ്, നിലവിലെ സ്ഥിതി, എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന മറ്റ് പദ്ധതികളുടെ തുക, തദ്ദേശ സ്ഥാപനം, തൽസ്ഥിതി എന്നിങ്ങനെ തരംതിരിച്ച് വിശദവിവരം ലഭ്യമാക്കാമോ? | (സി) | വിവരങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം 1</u>

| ക്രമ നം. | കോളനി | അനുവദിച്ച തുക | ഉൾപ്പെടുത്തിയ പ്രവൃത്തികൾ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | വരകാടി കോളനി (2016-17) | 1,00,00,000 | ഭവനപുനരുദ്ധാരണം, കോൺക്രീറ്റ് റോഡ് നിർമ്മാണം, സോളാർ ഹോം ലൈറ്റ് സിസ്റ്റം | പൂർത്തീകരിച്ചു |
| 2 | ആര്യാട് നോർത്ത് കോളനി (2021-22) | 1,00,00,000 | ഭവനപുനരുദ്ധാരണം, റോഡ് കോൺക്രീറ്റ്, പൊതുകുടിവെള്ള ടാപ്പ്, മിനിമാസ്റ്റ് ലൈറ്റ്, കമ്മ്യൂണിറ്റി ഹാളിന്റെ ഇലക്ട്രിഫിക്കേഷനും പുനർനിർമ്മാണവും | എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. പ്രവൃത്തി ആരംഭിച്ച് പത്തുമാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3 | പന്നിശ്ശേരി കോളനി (2022-23) | - | - | 2022-23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

<u>പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്</u>

(നിലവിൽ: അഞ്ജു.കെ.എസ് .ഐ എ എസ്.)

വിഷയം:- പട്ടികജാതി വികസനം-അംബേദ്കർ ഗ്രാമ വികസന പദ്ധതി (2021-22)- ആലപ്പുഴ ജില്ലയിലെ ആലപ്പുഴ നിയോജകമണ്ഡലത്തിലെ ആര്യാട് നോർത്ത് കോളനി-എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:-

1) സ.ഉ(കൈ) നം. 15/2017/പജ.പവ.വിവ. തിയതി. 18.03.2017

2) സ.ഉ(കൈ) നം. 54/2021/പജ.പവ.വിവ. തിയതി. 03.12.2021

3) പട്ടികജാതി വികസനവകുപ്പ് ഡയറക്ടറുടെ 16/03/22 തീയതിയിലെ ഡെവ. സി1-12395/21 നമ്പർ ഉത്തരവ്.

4) ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 29/11/22ലെ NC-3601/21 (2) നം. കത്ത്.

---

No:SCDD/8085/2022-C1 (DEV C) Date:29-01-2023

---

അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ കോളനികളെ തെരഞ്ഞെടുത്ത് ഒരു കോടി രൂപ വരെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതും പരാമർശം (3) പ്രകാരം ആര്യാട് നോർത്ത് കോളനിയെ തെരെഞ്ഞെടുക്കുകയും നിർവ്വഹണ ഏജൻസിയായി ആലപ്പുഴ ജില്ലാ നിർമ്മിതി കേന്ദ്രത്തെ അംഗീകരിക്കുകയും ചെയ്തിരുന്നു. ടി കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 20,00,000/- രൂപ ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് അനുവദിക്കുകയും ചെയ്തിരുന്നു. ഏജൻസിയായ ആലപ്പുഴ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസർ മുഖേന താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെട്ട എസ്റ്റിമേറ്റ് ശുപാർശ ചെയ്ത് നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | Renovation of houses | 4603846.66 |
| 2 | Concreting of roads | 650248.34 |
| 3 | Public water taps | 135070 |
| 4 | Supply and installation of minimast light | 215000 |
| 5 | Construction of Community hall | 1597386.32 |
| 6 | Electrification of community hall | 115000 |

| | | |
|---|---|---|
| 6 | Electrification of community hall | 115000 |
| 7 | Renovation of pond | 537679.80 |
| | Total | 7854231.12 |
| | Centage(7%) | 549796.1784 |
| | Sub total | 8404027.3 |
| | GST 18% | 1512724.91371 |
| | Grand Total | 9916752.21 |
| | **Total Round off**<br><br>**(Rupees Ninety nine Lakhs Sixteen Thousand Seven Hundred and Fifty Two only)** | **9916752/-** |

മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന ലഭ്യമാക്കിയിട്ടുള്ള ആര്യാട് നോർത്ത് കോളനിയുടെ **9916752**/-രൂപ (തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി അൻപത്തി രണ്ട് രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. പദ്ധതി മാനദണ്ഡപ്രകാരം House maintenance ന്റെ unit cost 1,50,000/- രൂപയിൽ പരിമിതപ്പെടുത്തേണ്ടതാണ്.

നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും നിബന്ധനകൾക്കും വിധേയമായി അടിയന്തര പ്രാധാന്യത്തോടെ നിയമാനുസൃതം പദ്ധതി നടപ്പാക്കേണ്ടതാണ്. നിലവിൽ പ്രവർത്തി ആരംഭിക്കുന്നതിന് മുമ്പായി ഏജൻസി ജില്ലാ പട്ടികജാതി വികസന ആഫീസറുമായി MOU ഒപ്പു വെയ്ക്കേണ്ടതും കരാർ ഒപ്പു വെച്ച് പത്ത് മാസങ്ങൾക്കുള്ളിൽ നിർമ്മാണ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിയ്ക്കാത്ത പക്ഷം ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഏജൻസി മാത്രം ഉത്തരവാദിയായിരിക്കും. നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നികുതികൾ ഏജൻസി ഒടുക്കേണ്ടതാണ്.

(ഒപ്പ്)

ഡയറക്ടർ

ഡയറക്ടർക്കു വേണ്ടി

ജോയിന്റ് ഡയറക്ടർ (വികസനം)

പകർപ്പ്:-

1) ജില്ലാ പട്ടികജാതി വികസന ഓഫീസർ, ആലപ്പുഴ
2) പ്രൊജക്ട് മാനേജർ, ജില്ലാ നിർമ്മിതി കേന്ദ്രം, ആലപ്പുഴ
3) സ്റ്റോക്ക് ഫയൽ / സ്പെയർ

I/20537/2023

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

## (നിലവിൽ : പി. എം. അലി അസ്ഗർ പാഷ ഐ. എ. എസ്)

വിഷയം :- പട്ടികജാതി വികസനം - അംബേദ്ക്കർ ഗ്രാമ വികസന പരിപാടി 2016-17 - ആലപ്പുഴ ജില്ലയിലെ ആലപ്പുഴ നിയോജക മണ്ഡലത്തിലെ വരകാടി കോളനിയിലെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :- (1). സ.ഉ(കൈ)15/17/പജ.പവ.വിവ, തീയതി : 08.03.17 -ലെ ഉത്തരവ്.

(2). സ.ഉ(കൈ)45/17/പജ.പവ.വിവ, തീയതി : 06.06.17.

(3). ഈ ആഫീസിലെ 29.03.17 തീയതിയിലെ ഡെവ.ഡി1-23705/16 നമ്പർ ഉത്തരവ്.

(4). ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 25.04.18 തീയതിയിലെ എൻ.സി-16201/16 നമ്പർ കത്ത്.

================================================================================

ഉത്തരവ് നം.ഡെവ.ഡി1-31251/17 തീയതി : 08.06.2018.

================================================================================

അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ 2 കോളനികളെ വീതം ഒരു നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത് ഓരോ കോളനിയിലും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അംബേദ്ക്കർ ഗ്രാമവികസന പരിപാടി സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതും സൂചന (2) പ്രകാരം കോളനികളെ തെരഞ്ഞെടുത്തു കൊണ്ട് ഉത്തരവാകുകയും സൂചന (3) പ്രകാരം ഏജൻസിയായ ജില്ലാ നിർമ്മിതിയ്ക്ക് വകുപ്പ് ഡയറക്ടറുമായി എം.ഒ.യു ഒപ്പ് വെച്ചതിന്റെ അടിസ്ഥാനത്തിൽ തുക മാറി നൽകുകയും ചെയ്തിരുന്നു. ഏജൻസിയായ ആലപ്പുഴ ജില്ലാ നിർമ്മിതി കേന്ദ്രം ജില്ലാ പട്ടികജാതി വികസന ആഫീസർ മുഖേന വരകാടി കോളനിയുടെ താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെട്ട എസ്റ്റിമേറ്റ് ശുപാർശ ചെയ്ത് നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | Renovation of houses (28 nos) | 2716345.00 |
| 2 | Formation of concrete road | 1628080.00 |
| 3 | Solar home lighting system | 1110000.00 |
| | Total | 5454425.00 |
| | Supervision charge 7% | 381809.00 |
| | Total | 5836234.00 |

| | | |
|---|---|---|
| | KCWWFB 1% | 583[illegible]2.00 |
| | **Total** | **5894596.00** |
| | **GST 12%** | **700348** |
| | **Grand Total** | **6594944.00** |

മേൽ സാഹചര്യത്തിൽ ഗുണഭോക്തൃ സഭ കമ്മിറ്റി അംഗീകരിക്കുകയും പരാമർശം (1) -ൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ ആയതിനാൽ ആലപ്പുഴ നിർമ്മിതി കേന്ദ്രം സമർപ്പിച്ച വരകാടി കോളനിയുടെ 65,94,944/- (അറുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി തൊള്ളായിരത്തി നാൽപ്പത്തിനാല് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും നിബന്ധനകൾക്കും വിധേയമായി നിയമാനുസൃതം പദ്ധതി നടപ്പാക്കേണ്ടതാണ്. കോളനി നിവാസികളുടെ യോഗ തീരുമാനത്തിന്റെ മിനിട്ട്സ് മുൻഗണനാ ലിസ്റ്റ് ഇവ പ്രകാരം പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ ഉൾപ്പെടുത്തിയതാണെന്ന് ഉറപ്പു വരുത്തുന്നതിന് ജില്ലാ ആഫീസർ ആയവ സൂക്ഷിക്കേണ്ടതാണ്. പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി ജില്ലാ പട്ടികജാതി വികസന ആഫീസർ ബന്ധപ്പെട്ട ഏജൻസിയുമായി എം.ഒ.യു ഒപ്പു വെയ്ക്കേണ്ടതാണ്. സർക്കാർ ഉത്തരവ് പ്രകാരമുള്ള എല്ലാത്തരത്തിലുള്ള നികുതികൾ ഉൾപ്പെട്ട എസ്റ്റിമേറ്റ് ഒരു കോടി രൂപയിൽ അധികരിക്കാൻ പാടില്ലാത്തതാകുന്നു.

(ഒപ്പ്)
ഡയറക്ടർ

പ്രോജകറ്റ് മാനേജർ,
ജില്ലാ നിർമ്മിതി കേന്ദ്രം, ആലപ്പുഴ

പകർപ്പ് :- 1. ജില്ലാ പട്ടികജാതി വികസന ആഫീസർ, ആലപ്പുഴ
(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ടോയിലറ്റ് നിർമ്മാണത്തിന്റെ യൂണിറ്റ് കോസ്റ്റ് 25,000/- രൂപയിൽ അധികരിച്ചതായി കാണുന്നു. ആയതിന്റെ യൂണിറ്റ് കോസ്റ്റ് സർക്കാർ ഉത്തരവിനു അനുസൃതമായി നിജപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് ഹാജരാക്കി അംഗീകാരം വാങ്ങേണ്ടതാണ്)
2. കരുതൽ ഫയൽ

ഡയറക്ടർക്കുവേണ്ടി
ജോയിന്റ് ഡയറക്ടർ (വികസനം).

S 08.06.18

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

**(നിലവിൽ: എം.ജി.രാജമാണിക്യം ഐ.എ.എസ്)**

വിഷയം: - പട്ടികജാതി വികസനം - അംബേദ്കർ ഗ്രാമ വികസന പദ്ധതി (2016-17)- ആലപ്പുഴ ജില്ലയിലെ ആലപ്പുഴ നിയോജകമണ്ഡലത്തിലെ വരകാടിപട്ടികജാതി കോളനി- റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:- (1) സ.ഉ.(കൈ) നം.15/2017/പജ.പവ.വിവ. തിയതി. 18.03.2017.

(2) സ.ഉ.(കൈ) നം.45/2017/പജ.പവ.വിവ. തിയതി. 06.06.2017.

(3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 29/03/2017 തിയതിയിലെ ഡെവ സി.1-23705/16 നം.ഉത്തരവ്.

(4) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 08/06/2018 തിയതിയിലെ ഡെവ.സി.1-31251/17 നം.ഉത്തരവ്.

(5) ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 16/07/2021 ലെ NC-16201/16 നം. കത്ത്.

---

ഉത്തരവ് നമ്പർ. ഡെവ.സി 1 – 31251/17 തിയതി: 26/03/2022

---

അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ 2 കോളനികളെ വീതം ഒരു നിയോജകമണ്ഡലത്തിൽ നിന്നും തെരെഞ്ഞെടുക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതും പരാമർശം (2) പ്രകാരം വരകാടി പട്ടികജാതി കോളനിയെ അംഗീകരിക്കുകയും പരാമർശം (3) പ്രകാരം ഒന്നാം ഗഡു അനുവദിക്കുകയും പരാമർശം (4) പ്രകാരം എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ കോളനിയിലേയ്ക്ക് ആവശ്യമായതും കോളനി വികസനത്തിന് പര്യാപ്തവുമായ പ്രവൃത്തികൾ ചെയ്യണമെന്നുള്ള മോണിറ്ററിംഗ് കമ്മറ്റി തീരുമാന പ്രകാരം ബന്ധപ്പെട്ട ഏജൻസിയായ ആലപ്പുഴ ജില്ലാ നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റും പരാമർശം (5) പ്രകാരം ജില്ലാ പട്ടികജാതി വികസന ആഫീസർ ശുപാർശയോടെ ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | Renovation of houses(28 nos) | 35,00,000 |
| 2 | Solar home lighting system | 2800000 |
| 3 | Formation of concrete road | 1628080 |
| | Total | 7928080 |
| | Centage(7%) | 5549656 |
| | GST(12%) | 951369.6 |
| | Grand total | 9434415.2 |
| | Total round off | **94,34,415/-** |
| **Ninety four lakhs thirty four thousand four hundred and fifteen only** | | |

മേൽ സാഹചര്യത്തിൽ ആലപ്പഴ ജില്ലയിലെ ആലപ്പഴ നിയോജകമണ്ഡലത്തിലെ വരകാടി പട്ടികജാതി കോളനിയിലേയ്ക്ക് ആവശ്യമായ മേൽ പറയുന്ന വികസന പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസർ വഴി സമർപ്പിച്ചിട്ടുള്ള 94,34,415/- (തൊണ്ണൂറ്റി നാല് ലക്ഷത്തി മുപ്പത്തി നാലായിരത്തി നാന്നൂറ്റി പതിനഞ്ച് രൂപ മാത്രം) രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ഭവന പുനരുദ്ധാരണ യൂണിറ്റ് കോസ്റ്റ് 1,50,000/-ൽ പരിമിതപ്പെടുത്തേണ്ടതാണ്.

നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും നിബന്ധനകൾക്കും വിധേയമായി അടിയന്തര പ്രാധാന്യത്തോടെ നിയമാനുസൃതം പദ്ധതി നടപ്പാക്കേണ്ടതാണ്. നിലവിൽ റിവിഷൻ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ജില്ലാ പട്ടികജാതി വികസന ആഫീസർ ഏജൻസിയുമായി MOU ഒപ്പ വെയ്ക്കേണ്ടതും കരാർ ഒപ്പ വെച്ച് ആറു മാസത്തിനുള്ളിൽ

നിർമ്മാണ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിയ്ക്കേണ്ടതുമാണ്. നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നികുതികൾ ഏജൻസി ഒടുക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

ഡയറക്ടർക്കുവേണ്ടി
ജോയിന്റ് ഡയറക്ടർ(വികസനം)

പകർപ്പ്: 1. ജില്ലാ പട്ടികജാതി വികസന ആഫീസർ, ആലപ്പുഴ
2. പ്രോജക്റ്റ് മാനേജർ, ജില്ലാ നിർമ്മിതി കേന്ദ്രം,ആലപ്പുഴ
3. കരുതൽ ഫയൽ/ അധികം

DESPATCHED 30/3/22

## അനുബന്ധം 2

| ക്രമ നം | പദ്ധതിയുടെ പേര് | തുക | തൽസ്ഥിതി |
|---|---|---|---|
| 1 | ആര്യാട്- മാതൃകാഗ്രാമം റോഡ് സൈഡ് സംരക്ഷണഭിത്തി, കലുങ്ക് നിർമ്മാണം (മാരാരിക്കുളം സൗത്ത് പഞ്ചായത്ത്) | 10,10,000 | ടെണ്ടർ, റീ ടെൻഡർ വിളിച്ചെങ്കിലും പദ്ധതി ആരും ഏറ്റെടുത്തിട്ടില്ല. |
| 2 | ആര്യാട് വരകാടികോളനി എൻ.സി. ജോൺ കമ്പനി റോഡ് നിർമ്മാണം (മണ്ണഞ്ചേരി പഞ്ചായത്ത്) | - | പദ്ധതി ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു. |